## 1221

1 ഇന്നും രാവിലെ വന്നു ഞാൻ തിരുസന്നിധി തന്നിൽ നായകാ!
എന്നും നീ തന്നേയെന്നെ കാവൽ ചെയ്യുന്ന വൻപരിപാലകൻ!

2 പോയ രാത്രിയിൽ ഞാൻ സമാധാനത്തോടുറങ്ങുവാൻ നിൻകൃപ
നായകാ! നീ ചൊരിഞ്ഞതാൽ സ്തുതിഗാനങ്ങൾ പാടിടുന്നിതാ!

3 രാവകന്നൊളി വീശി ഭൂതലം ശോഭിതമായിടുന്നിതാ!
മാമകാന്ധത മാറുവാൻ തവ കാന്തി വന്നതോർക്കുന്നിതാ-

4 ഇന്നലേമിന്നുമെന്നും നീയെനിക്കന്യനല്ലതു മൂലമായ്
മുന്നിലായ് നിന്നെ കാണുന്നെത്രയോ ധന്യമായ് മമ ജീവിതം!

5 വന്നിടും പുലർകാലമൊന്നിനിയെന്നു കാത്തിരിക്കുന്നു ഞാൻ
മന്നിടം തവ പൊന്മുഖം മൂലം മിന്നിടും നീതിസൂര്യനേ!- **T.K.S.**